**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **12-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് വന്യജീവി സങ്കേതം വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംരക്ഷണ നിയമം വകുപ്പ് 26 A പ്രകാരം പൂർണ അർഥത്തിൽ വയനാട് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരം വയനാട് വന്യജീവി സങ്കേതം 1973-ലാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. 1991-ൽ 44-ാം ഭേദഗതി നിയമം പ്രകാരമാണ് സെക്ഷൻ 26 എ വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ 1991-ന് മുമ്പ് വിജ്ഞാപനം ചെയ്തിട്ടുള്ള വന്യജീവി സങ്കേതങ്ങൾക്ക് സെക്ഷൻ 26 എ പ്രകാരമുള്ള വിജ്ഞാപനം ആവശ്യമില്ല. ഈ കാര്യം ബഹ.സുപ്രീം കേടതിയുടെ 03/06/2022-ലെ IA-1000/2003-ന്റെ വിധി പ്രകാരം സാധൂകരിച്ചിട്ടുണ്ട്. (ഖണ്ഡിക38, 39) |
| (ബി) | കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച വയനാട് ജില്ലയിലെ 344 ചതുരശ്ര കിലോമീറ്റർ വരുന്ന വനമേഖല 1972-ലെ വന്യജീവി സംരക്ഷണനിയമപ്രകാരം വന്യജീവി സങ്കേതമായി പരിഗണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | G.O.(Ms)182/73/AD നമ്പരായി കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരം 30/05/1973-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള 344.4 ചതുരശ്ര കിലോമീറ്റർ വരുന്ന വയനാട് വന്യജീവി സങ്കേതം 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 66(2) പ്രകാരം, വന്യജീവി സങ്കേതമായി പരിഗണിക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ